സർക്കാർ ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ

86 (1952) ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സർക്കാർ ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ നിശ്ചയിച്ചിട്ടുള്ളത് എങ്ങനെയെന്ന് വ്യക്തമാക്കുമോ ;

(ബി) KS&SSR റൂൾ 8 അനുസരിച്ച് മാതൃ വകുപ്പിലേക്ക് തിരിച്ചു വരുന്ന ഒരു ജീവനക്കാരന് അത്തരത്തിൽ വരുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ ; ആയതിന്റെ വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(സി) ഈ റൂൾ അനുസരിച്ച് എന്തെങ്കിലും കാരണം ബോധിപ്പിച്ചാലെ വകുപ്പ് മേധാവി ഇവരെ തിരിച്ചെടുക്കൂ എന്ന് നിബന്ധന ഉണ്ടോ ; ഉണ്ടെങ്കിൽ എന്ത് കാരണങ്ങളാണ് സ്വീകാര്യമായിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ;

(ഡി) KSR,KS&SSR എന്നിവയിലെ വ്യവസ്ഥകൾ വകുപ്പ് മേധാവിക്ക് ഇഷ്ടമുണ്ടെങ്കിൽ നടപ്പിലാക്കിയാൽ മതിയോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ഇ) KS&SSR റൂൾ 8 പ്രകാരം തിരികെ എടുക്കുന്നതിലും തിരികെ എടുത്തവർക്ക് സീനിയോറിറ്റി തിരികെ നൽകുന്നതിലും പ്രകടമായ വിവേചനം നടത്താൻ ഏതെങ്കിലും വകുപ്പ് മേധാവിക്ക് അവകാശമുണ്ടോ ;

(എഫ്) ഈ റൂൾ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട ഫയലിൽ ചട്ടങ്ങൾക്ക് വിരുദ്ധമായ അഭിപ്രായങ്ങൾ രേഖപ്പെടുത്തുന്നതും തീരുമാനങ്ങൾ എടുക്കുന്നതും കുറ്റകരമാണോ ; എങ്കിൽ ഏത് ചട്ടപ്രകാരം ഇവർക്കെതിരെ നടപടി സ്വീകരിക്കാം എന്ന് വ്യക്തമാക്കുമോ ;

(ജി) സർവ്വീസ് റൂളുകൾക്ക് വിരുദ്ധമായി ജീവനക്കാർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിക്കുവാൻ വകുപ്പ് മേധാവിക്ക് അവകാശമുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ; KS&SSR റൂൾ എട്ടുമായി ബന്ധപ്പെട്ട് സർക്കാർ ഇറക്കിയിട്ടുള്ള ഉത്തരവുകളും സർക്കുലറുകളും ഏതൊക്കെയാണ് ; ആയതിന്റെ കോപ്പി ലഭ്യമാക്കുമോ ; KS&SSR റൂൾ എട്ട് അനുസരിച്ച് തിരികെ മാതൃ വകുപ്പിൽ എത്തുന്ന ജീവനക്കാരന് സീനിയോറിറ്റി പുനഃസ്ഥാപിക്കുന്നതിനു സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ : ആയത് വകുപ്പ് മേധാവിയുടെ വിവേചനാധികാരമാണോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

നോട്ട് ഫയലുകളിൽ ചട്ടങ്ങൾക്ക് വിരുദ്ധമായി എഴുതുന്ന ഒരു ജീവനക്കാരനെതിരെ ഏതെല്ലാം സർവ്വീസ് ചട്ടങ്ങൾ പ്രകാരം നടപടികൾ സ്വീകരിക്കാം എന്ന് വ്യക്തമാക്കുമോ ; വ്യക്തമായ ചട്ടവും കോടതി വിധികളും പ്രീസിഡന്റുമുള്ളപ്പോൾ അവയ്ക്ക് വിരുദ്ധമായ അഭിപ്രായങ്ങൾ എഴുതുന്ന ജീവനക്കാർക്കെതിരെ വകുപ്പ് മേധാവികൾക്ക് സ്വീകരിക്കാവുന്ന ശിക്ഷണ നടപടികൾ എന്തൊക്കെയാണ് ; ഏതൊക്കെ ചട്ടങ്ങൾ പ്രകാരമാണ് എന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേരള പബ്ലിക് സർവ്വീസസ് ആക്ടും അതിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ചിട്ടുള്ള ചട്ടങ്ങളുടെയും മറ്റ് എക്സിക്യൂട്ടീവ് ഉത്തരവുകളുടെയും അടിസ്ഥാനത്തിലാണ് സംസ്ഥാനത്തെ സർക്കാർ ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ നിശ്ചയിച്ചിട്ടുള്ളത്.

(ബി) ഇല്ല.

(സി) ഇല്ല. ബാധകമല്ല.

(ഡി) KSR, KS&SSR's എന്നിവയിലെ സ്റ്റാറ്റ്യൂട്ടറി വ്യവസ്ഥകൾ നടപ്പിലാക്കുവാൻ വകുപ്പ് മേധാവികൾ ബാദ്ധ്യസ്ഥരാണ്.

(ഇ) ഇല്ല.

(എഫ്&ജി) പ്രധാനപ്പെട്ട ഉത്തരവുകളുടെയും സർക്കുലറുകളുടെയും പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.* സീനിയോറിറ്റി പുനഃസ്ഥാപിക്കുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടില്ല. ഡ്യൂട്ടിയിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ KCS (CC & A) റൂൾസ് പ്രകാരമുള്ള അച്ചടക്ക നടപടികൾ സ്വീകരിക്കാൻ വ്യവസ്ഥയുണ്ട്.

സർക്കാർ സർവ്വീസിൽ ജോലിക്ക് അപേക്ഷിക്കാനുള്ള കുറഞ്ഞ പ്രായപരിധി

87 (1953) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാർ സർവ്വീസിൽ ജോലിക്ക് അപേക്ഷിക്കാനുള്ള കുറഞ്ഞ പ്രായപരിധി നിശ്ചയിച്ചിട്ടുണ്ടെങ്കിൽ അത് എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ബി) നിലവിലുള്ള വ്യവസ്ഥ പ്രകാരം നിശ്ചയിച്ചിട്ടുള്ള പ്രായപരിധി അതാതുവർഷം ജനുവരി ഒന്ന് എന്ന് വിജ്ഞാപനം ചെയ്യുന്നതുമൂലം ജനുവരി 2 മുതൽ ഡിസംബർ 31 വരെയുള്ള വിജ്ഞാപനകാലയളവിൽ നിശ്ചിത പ്രായം പൂർത്തിയാകുന്നവർക്ക് അപേക്ഷിക്കാനുള്ള അവസരം നഷ്ടമാവുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly